Prot.No.MPL: 47/18/26

# സർക്കുലർ

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

ലോകമെമ്പാടും, പ്രത്യേകിച്ച് ഓസ്ട്രേലിയായിലെ കത്തോലിക്കാ യുവജനങ്ങളെ സംബന്ധിച്ചിടത്തോളം, 2018 വളരെ പ്രാധാന്യമുള്ള ഒരു വർഷമാണ്. 'YOUNG PEOPLE-THE FAITH AND VOCATIONAL DISCERNMENT' എന്ന വിഷയത്തെ ആസ്പദമാക്കി ഇപ്പോൾ റോമിൽ സിനഡ് നടന്നുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ ഓസ്ട്രേലിയായിലെ കത്തോലിക്കാസഭ 2018 യുവജനവർഷമായി ആചരിക്കുന്നു.

നമ്മുടെ രൂപതയുടെ യുവജനസംഘടനയായ സീറോ മലബാർ യൂത്ത് മൂവ്മെന്റ് (SMYM) വളരെ സജീവമായി സഭയുടെ മുഖ്യധാരയിലേക്ക് ഈ വർഷം മുതൽ കടന്ന് വന്നതിനും നമ്മുടെ ഇടവകകളെയും മിഷനുകളെയും ശക്തിപ്പെടുത്തുന്ന ചാലകശക്തിയായി മാറുന്നതിനും സർവ്വശക്തനായ ദൈവം ഇടവരുത്തിയതിന് ഞാൻ ദൈവത്തിന് നന്ദി പറയുന്നു. ഇടവക ശാക്തീകരണത്തിൽ യുവജനങ്ങൾക്ക് ഒരു വലിയ പങ്ക് വഹിക്കാനുണ്ട് എന്ന കാര്യം ഓർമ്മിപ്പിച്ചു കൊള്ളട്ടെ. അവരുടെ പ്രവർത്തനങ്ങൾക്ക് നിങ്ങളുടെ സജീവമായ പിന്തുണ നല്കി പ്രോത്സാഹിപ്പിക്കുമല്ലോ?

നമ്മുടെ രൂപത യൂത്ത് അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ ഈ വർഷം യുവജനങ്ങൾക്കായി ധാരാളം വ്യത്യസ്തമായ കർമ്മപരിപാടികൾ നടത്തുവാൻ സാധിച്ചു. 2018 ഡിസംബർ 7,8,9,10 തിയതികളിൽ വച്ച് നമ്മുടെ രൂപതയിലെ ആദ്യത്തെ ദേശീയ യുവജന കോൺഫറൻസ് (UNITE Conference) വിക്ടോറിയായിലെ ഫിലിപ്പ് ഐലൻഡിൽ വച്ച് നടത്തപ്പെടുന്നു. 15 വയസ് മുതൽ 30 വയസ് വരെയുള്ള എല്ലാ യുവതീ യുവാക്കളെയും പ്രസ്തുത കോൺഫറൻസിലേക്ക് ഞാൻ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് നിങ്ങളുടെ വികാരിയച്ചനെയൊ ഇടവകയിലെ SMYM ഭാരവാഹികളെയൊ സമീപിക്കുക. www.smunite.org.au എന്ന വെബ്സൈറ്റിൽ നിന്നും നിങ്ങൾക്ക് കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതാണ്.

ഈ വർഷം മുതൽ സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി.ജോൺ പോൾ രണ്ടാമന്റെ നാമഹേതുക തിരുന്നാൾ (ഒക്ടോബർ 22) ആഘോഷിക്കുന്ന ആഴ്ച രൂപതയിലെ യുവജനവാരമായി (Youth Week) ആഘോഷിക്കുന്നതാണ്. ഈ വർഷം അത് ഒക്ടോബർ 21 ഞായറാഴ്ച മുതൽ ഒക്ടോബർ 28 ഞായറാഴ്ച വരെയാണ്. യുവജനവാരത്തിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുവാൻ ഇടവക സമൂഹം മുഴുവൻ ശ്രദ്ധിക്കുമല്ലോ.

നമ്മുടെ രൂപതയിലെ യുവജനപ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി യുവജനവാരത്തിലെ ഞായറാഴ്ച കളക്ഷൻ അവരുടെ പ്രവർത്തനങ്ങൾക്കായി നല്കണം എന്ന തീരുമാനം സെപ്റ്റംബറിൽ കൂടിയ രൂപതാ പാസ്റ്ററൽ കൗൺസിൽ ഏകകണ്ഠേന കൈകൊള്ളുകയുണ്ടായി. അതുകൊണ്ട് 2018 ഒക്ടോബർ 28–ാം തിയതി ഞായറാഴ്ച സ്തോത്രകാഴ്ചയിലെ 50% രൂപതാ യൂത്ത് അപ്പോസ്റ്റലേറ്റിനും 50% ഇടവകയിലെ യുവജന പ്രവർത്തനങ്ങൾക്കും വേണ്ടി നല്കണമെന്ന് അഭ്യർത്ഥിക്കുന്നു. യുവജനങ്ങളാണ് നമ്മുടെ സഭയെ മുന്നോട്ട് നയിക്കേണ്ടത് എന്ന ബോധ്യത്തോടെ നിങ്ങൾ പൂർണ്ണ മനസ്സോടെ ഇതിനോട് സഹകരിക്കുമല്ലോ.

പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പ സിനഡിന് ആമുഖമായി യുവജനങ്ങളോടെ പറഞ്ഞതുപോലെ ദൈവം അബ്രാഹത്തോട് പറഞ്ഞ വാക്കുകൾ ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ''കർത്താവ് അബ്രാമിനോട് അരുളിച്ചെയ്തു: നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോവുക''(ഉൽപ്പത്തി 12:1). ദൈവം നിങ്ങളെ മുന്നോട്ടിറങ്ങാൻ വിളിക്കുന്നു. മുന്നോട്ടുള്ള വഴി അവ്യക്തമെങ്കിലും ദൈവം കൂടെ നില്ക്കും എന്ന ഉറച്ച വിശ്വാസത്തോടെ മുന്നോട്ടിറങ്ങാൻ.

യുവജനങ്ങൾ സഭയുടെ ഭാവിയല്ല, അവരാണ് ഇന്ന് സഭയെ നയിക്കേണ്ടത് എന്ന ബോധ്യത്തിൽ നമ്മുടെ യുവജനങ്ങളെ നമുക്ക് വളർത്തികൊണ്ടുവരാം. എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,

സ്നേഹപൂർവ്വം

**+ബോസ്കോ പിതാവ്** **10 ഒക്ടോബർ 2018**

NB: ഈ സർക്കുലർ 2018 ഒക്ടോബർ 14–ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.